കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.1/1132 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail: doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി:20.07.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് - 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ -മെയിൽ വഴി)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി.

നം കെ. എസ്. എ. /കെ.എൻ.ആർ./സി.1/1132/2017 തീയതി : 20.07.2017

കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ

2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട്*

*ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

## ആമുഖം

എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2016 മുതൽ 31.05.2017 വരെയുള്ള പണംപിരിവ്, ഒടുക്ക്, പിൻവലിക്കലുകൾ എന്നിവയും പരിശോധനാ വിധേയമാക്കി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 21 അന്വേഷണക്കുറിപ്പുകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്/ഉദ്യോഗപ്പേര് | ശ്രീ അശോകൻ മാത്തിൽ ,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.06.2017 മുതൽ 30.06.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമനമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | സിന്ധു ടി പി | ഓഡിറ്റ് ഓഫീസർ |
| 2 | ഷീല കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | സബിത കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി . സത്യഭാമ. കെ | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. സതീശൻ കെ വി | 01.04.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.റാണി ജേക്കബ് | 01.04.16 മുതൽ 05.08.16 വരെ |
| | | ശ്രീ ജയരാജൻ നായർ കെ | 06.08.16മുതൽ 30.01.17 വരെ |
| | | ശ്രീമതി.ശരണ്യ ശശിധരൻ | 01.02.17മുതൽ 31.03.17 വരെ |
| 2 | വി.ഇ.ഒ | ശ്രീമതി.രജിത രാഘവൻ | 01.04.16മുതൽ31.03.17 വരെ |
| 3 | വെറ്ററിനറി സർജൻ | ഡോ.പ്രിയൻ അലക്സ്.ജി റബല്ലോ. | 01.04.16മുതൽ31.03.17 വരെ |
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.വത്സല.കെ വി | 01.04.16 മുതൽ 31.03.17 വരെ |
| 5 | ഹെഡ് മാസ്റ്റർ | ശ്രീ.സി.പി.കെ ശ്രീധർ | 01.04.16മുതൽ 31.03.17 വരെ |
| 6 | മെഡിക്കൽ ഓഫീസർ (പിഎച്ച് സി) | ഡോ.അനീഷ് ബാബു | 01.04.2016മുതൽ 18.10.2016 വരെ |
| | | ഡോ സ്വാതി ജയചന്ദ്രൻ | 19.10.2016 മുതൽ 31.03.2017 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ സബിത എം പി | 01.04.16 മുതൽ02.05.16 വരെ |
| | | ഡോ. ലക്ഷ്മി | 03.05.16 മുതൽ01.08.16 വരെ |

| | | | |
|---|---|---|---|
| | | | |
| | | ഡോ. ദീപ്തി. ഡി. സി | 02.08.2016 മുതൽ 31.03.17വരെ |
| 8 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സുബിമോൾ. കെ.ബി. | 01.04.16മുതൽ31.03.17 വരെ |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ പ്രമോദ്. ഡി. എൻ | 01.04.16 മുതൽ 31.03.17വരെ |
| 10 | ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ലൂസി സി ഡി | 01.04.2016മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമനമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | ധനകാര്യവിശകലനം |
| 3 | 1-3 | ഫണ്ട് വിനിയോഗം |
| 4 | 1-4 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 5 | 1-5 | തനത് വരുമാനം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | ക്ഷേമപദ്ധതികൾ |
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | അനുബന്ധപത്രികകൾ |
| 11 | 1-11 | ഗ്രാമസഭ |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | 2-1 | 100m2 ൽ കൂടുതലുള്ള വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി - ഈടാക്കിയതിൽ കുറവ് വന്നത് -തുക കണക്കാക്കി കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതാണ് |

| | | |
|---|---|---|
| 13 | 2-2 | അനധികൃത കെട്ടിട നിർമ്മാണം - നിയമാനുസൃത നികുതി ഈടാക്കിയിട്ടില്ല |
| 14 | 2-3 | നിർമ്മാണം പൂർത്തിയായ തീയതി മുതൽ നികുതി ഈടാക്കാത്തത് |
| 15 | 2-4 | വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കാത്തവരിൽനിന്നും പിഴ ഈടാക്കാത്തത് |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | 3-1 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പദ്ധതികൾ |
| 17 | 3-2 | സമഗ്ര-വിദ്യാലയ-അങ്കണവാടി-ആര്യോഗ്യപരിപാടി-ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടാത്ത സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയത് |
| 18 | 3-3 | വനിതകൾക്ക് പശുവാങ്ങൽ-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-1500രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല,328500രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 19 | 3-4 | പേവിഷബാധ നിയന്ത്രണം - അപാകങ്ങൾ – 18000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 20 | 3-5 | വയോജനങ്ങൾക്ക് യോഗപരിശീലനം - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ നടപ്പാക്കി – 2,20,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 21 | 3-6 | സേവന നികുതി ഈടാക്കിയത് - ഒടുക്കു വരുത്താത്തതും മറ്റ് അപാകങ്ങളും |
| ഭാഗം 4 പൊതുവിവരവും ഓഡിറ്റ് പ്രത്യവലോകനവും | | |
| 22 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 23 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 24 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 25 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 26 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 27 | 4-6 | ഓഡിറ്റ് റിക്കവറി |
| 28 | 4-7 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 29 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 30 | 4-9 | ഓഡിറ്റ് ഇംപാക്ട് |
| 31 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29.02.17ലെ 49/16 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2016-17 ലെ ബജറ്റ് 13.03.17 ലെ 25/17തീരുമാനപ്രകാരം പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് (R.P. സ്റ്റേറ്റ്മെന്റ് പ്രകാരം) | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 1610152 | 20023361.09 | ബജറ്റ് ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഹെഡുകളിലെ തുക ഉൾപ്പെടുത്തിയും റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഇവ ഉൾപ്പെടുത്താതെയും തയ്യാറാക്കുന്നതിനാൽ താരതമ്യം സാധ്യമായിട്ടില്ല |
| വരവ് | 127672229 | 46690031 | |
| ആകെ | 129282381 | 66713392.09 | |
| ചെലവ് | 128108379 | 39658424 | |
| നീക്കിയിരിപ്പ് | 1174002 | 27054968.09 | |

## 1-2 ധനകാര്യ വിശകലനം

2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക 30.05.2017 ന് ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുൻബാക്കി | 20023361.09 |
| വരവ് | 46690031 |
| ആകെ | 66713392.09 |

| | |
|---|---|
| ചെലവ് | 39658424 |
| നീക്കിബാക്കി | 27054968.09 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | അലോട്ട്മെന്റ് (എ.സി.ആർ. പ്രകാരം) | വരവ് തുക | ആകെ തുക | ചെലവ് തുക | ലാപ്സായ തുക | നീക്കി ബാക്കി(RP 40(b) |
|---|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 14029738 | | 10980291 | 10980291 | 3049441 | 0 |
| വികസനഫണ്ട് എസ് സി പി | 0 | 1966734 | | 1487800 | 1487800 | 478934 | 0 |
| വികസനഫണ്ട് ടി എസ് പി | 0 | 5604 | | | -- | 5604 | 0 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 0 | 3676863 | | 1685378 | 1685378 | 1991485 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 0 | 4039155 | | 2706057 | 2706057 | 1333098 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 7868497 | | 2803946 | 2803946 | 5064551 | 0 |
| ലോകബാങ്ക് ധനസഹായം | 0 | 4669059 | | 2184239 | 2184239 | 2484820 | 0 |
| ബി ഫണ്ട് | 0 | | 53225415 | 53225415 | 53225415 | | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ടി എസ് സി | | | | 2740376 | | | 2115000 |
| കേന്ദ്ര സർക്കാർ വിഹിതം | 503277 | | 880467 | 1383744 | 635601 | | 748143 |
| സാക്ഷരത | 28113.96 | | 1141.48<br>91000(*) | | 91000(*) | | 29255.44 |
| ജില്ലാപഞ്ചായത്ത് വിഹിതം | 23409 | | 324000 | 347409 | 127200 | | 220209 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 70353 | | 797500 | 867853 | 394970 | | 472883 |
| ഗുണഭോക്തൃ വിഹിതം | 158921 | | 207982 | 366903 | 366903 | | 158920 (**) |
| WGDP | 271807.79 | | 3705(int) | 275512.79 | 255023 | | 20489.79 |
| എം എൻആർഇ ജി എസ് | 436.8 | | 568801<br>8912075 (efms) | 9481312.8 | 565523<br>8912075<br>(efms) | | 3714.8 |
| നിർമൽ പുരസ്കാർ | 39229 | | | 39229 | | | 39229 |
| പൈക്ക | 40406 | | 2172 | 42578 | | | 42578 |

(*)സാക്ഷരതാ ഫണ്ട് തനതു ഫണ്ടിൽ നിന്ന് ചെലവഴിച്ചത് തിരികെ തനത് ഫണ്ടിലേക്ക് മാറ്റിയത്.സാക്ഷരതാ ക്യാഷ് ബുക്ക് പ്രകാരം 31.03.17ന് 121288രൂപ തനത് ഫണ്ടിലേക്ക് തിരികെ ലഭിക്കാൻ ബാക്കിയുണ്ട്.

(**)2008-09 സാമ്പത്തിക വർഷം കോഴിയും കൂട്ടം പദ്ധതിക്കു വേണ്ടി പിരിച്ചെടുക്കുകയും ഗുണഭോക്തൃവിഹിതം ചെലവഴിക്കുന്നതിനു പകരം പദ്ധതിവിഹിതം ചെലവഴിക്കുകയും

ചെയ്യതിനാൽ ബാക്കിയായത്. സഞ്ചിത നിധിയിലേക്ക് പ്രസ്തുത തുക തിരിച്ചടക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 1-4 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

അക്കൗണ്ട് പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു
1.സഞ്ചയ പ്രകാരമുള്ള വസ്തുനികുതിക്കണക്കുകളും സാംഖ്യയിൽ രേഖപ്പെടുത്തിയ കണക്കുകളും പൊരുത്തപ്പെടുന്നില്ല. ആയത് സോഫ്റ്റ് വെയർ അപാകം മൂലമാണെന്നും സാംഖ്യ അക്കൗണ്ടു പ്രകാരമുള്ള കണക്കുകളാണ് യഥാർത്ഥത്തിൽ വരുന്നതെന്നും സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്.

2. ആസ്തിയുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ല

3. ഒ ഡി എഫ് പദ്ധതിക്കു വേണ്ടി കേന്ദ്രവിഹിത്തിനുപകം വികസനഫണ്ടിൽ നിന്നും ചെലവഴിക്കപ്പെട്ട 21,15,000രൂപ തിരികെ ലഭിച്ചത് ഒ.ഡി.എഫ് നീക്കിയിരിപ്പായാണ് ചേർത്തിട്ടുള്ളത്. ഒ.ഡി.എഫ്. പദ്ധതിക്കുവേണ്ടി കേന്ദ്രവിഹിതം ലഭിക്കാൻ താമസം വന്നതിനെത്തുടർന്ന് പിന്നീട് അഡ്ജസ്റ്റ് ചെയ്യണമെന്ന നിബന്ധനയിൽ മറ്റ് ഫണ്ടുകൾ ഉപയോഗിക്കാൻ അനുമതി നല്കുകയും വികസനഫണ്ടാണ് ഉപയോഗിക്കുന്നതെങ്കിൽ തിരികെ ലഭിക്കുന്നമുറക്ക് പുതിയ പദ്ധതി തയ്യാറാക്കാൻ അനുമതി നല്കുകയും ചെയ്തിരുന്നു. ഒ.ഡി.എഫിനുവേണ്ടി ചെലവഴിച്ച തുക തിരികെ ലഭിച്ചത് വികസനഫണ്ടിനത്തിലായിരുന്നു ഉൾപ്പെടുത്തേണ്ടിയിരുന്നത്. അതേവർഷം പദ്ധതി തയ്യാറാക്കാത്തതിനാൽ തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചിട്ടില്ല.

4. ബ്ലോക്ക് വിഹിതമായി സംയുക്ത പദ്ധതിക്കു വേണ്ടി(അങ്കണവാടി കെട്ടിട നിർമ്മാണം) ലഭ്യമായ 300000രൂപ കൈപ്പറ്റിയത് പ്രസ്തുത പദ്ധതിക്കു വേണ്ടി പ്രോജക്ട് വെക്കാതെയാണ്. പ്രസ്തുത തുകയും സ്വാന്തന പരിചരണത്തിനായി ബ്ലോക്ക് വിഹിതമായി ലഭിച്ച് ചെലവഴിക്കാതെ അവശേഷിക്കുന്ന 50000രൂപയും സാമ്പത്തിക വർഷാവസാനം തിരികെ നല്കിയിട്ടില്ല.
സംയോജിത പദ്ധതികൾക്കായി മുൻവർഷങ്ങളിൽ ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്നവയും തിരിച്ചടച്ചിട്ടില്ല.

5. മുൻവർഷം തെറ്റായി ചെലവഴിച്ചതുമൂലം ഗുണഭോക്തൃവിഹിതമിനത്തിൽ ബാക്കിയായ തുക നാളിതുവരേയും ബന്ധപ്പെട്ട കണക്കിനത്തിൽ തിരിച്ചടച്ചിട്ടില്ല

## 1-5 തനത് വരുമാനം.

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് താഴെ പറയും പ്രകാരം 28.71% വർധനവ് ഉണ്ടായിട്ടുണ്ട്

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 3388220 | 4325159 | 936939 | 27.65 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 1236807 | 1628909 | 392102 | 31.7 |
| ആകെ | 4625027 | 5954068 | 1329041 | 28.74% |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | ഭാഗികമായി നടപ്പാക്കിയത് | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 144 | 108 | 36 | 48 | 60 | 41.67% |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 4360678 | 3578948 | 82 |
| വെറ്ററിനറി സർജൻ | 5 | 5 | 1128000 | 1128000 | 100 |
| മെഡിക്കൽ ഓഫീസർ- പി എച്ച് സി | 4 | 4 | 941953 | 704013 | 74.7 |
| ,,ഹോമിയോ | 3 | 3 | 210000 | 208213 | 99.1 |
| ,, ആയുർവേദ | 3 | 3 | 815000 | 815000 | 100 |
| വി ഇ ഒ | 16 | 7 | 6494600 | 3974550 | 61.2 |
| ഐസിഡിഎസ് സൂപ്പർവൈസർ | 7 | 6 | 5697560 | 5353906 | 93.97 |
| സെക്രട്ടറി | 10 | 8 | 2290354 | 1666122 | 72.7 |
| അസിസ്റ്റന്റ് സെക്രട്ടറി | 18 | 13 | 3111769 | 1487800 | 47.8 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 65 | 46 | 23478912 | 6720101 | 28.62 |
| ഹെഡ് മാസ്റ്റർ | 6 | 6 | 2280941 | 2280941 | 100 |
| ആകെ | 144 | 108 | 50809767 | 27917364 | 54.94 |

പദ്ധതി അടങ്കലിന്റെ 54.94% മാത്രമാണ് ഓഡിറ്റ് വർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്.

(സുലേഖ ചെലവു സ്റ്റേറ്റ്മെന്റ് അടിസ്ഥാനമാക്കി തയ്യാറാക്കിയത്)

## 1-7 ക്ഷേമപദ്ധതികൾ

ഓഡിറ്റ് വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 342240 | 206 |
| കർഷകതൊഴിലാളി പെൻഷൻ | 9255390 | 1030 |
| വിധവാപെൻഷൻ | 13983580 | 1064 |
| വാർദ്ധക്യകാലപെൻഷൻ | 25427750 | 2237 |
| ഭിന്നശഷിയുള്ളവർക്കുള്ള പെൻഷൻ | 3002785 | 301 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 605970 | 55 |
| വിവാഹ ധനസഹായം | 540000 | 18 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.06.17 തീയതി 2 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9410 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമനമ്പർ | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 25.05.17, 26.05.17 | 01.04.17മുതൽ30.04.17വരെ | ലഭിച്ചിട്ടില്ല |
| 2 | അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | നടന്നിട്ടില്ല | | |

## 1-10 അനുബന്ധപത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. ബാലൻസ് ഷീറ്റ്

3.ഇൻകം & എക്സ് പെൻറ്റിച്ചർ സ്റ്റേറ്റ്മെന്റ്

4. റസീറ്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്

## 1-11 ഗ്രാമസഭ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 3-8-2004 ലെ 22675/L3/99 നം സർക്കുലർ പ്രകാരം ഗ്രാമസഭ കുറഞ്ഞത് മൂന്ന മാസത്തിലൊരിക്കൽ നിർബന്ധമായും ചേരേണ്ടതാണ്.പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നീ കാര്യങ്ങൾക്ക് വേണ്ടി മാത്രം ചേരുന്ന ഗ്രാമസഭായോഗങ്ങളെ ഗ്രാമസഭകളുടെ പ്രത്യേക യോഗങ്ങളായി കാണേണ്ടതും അവ മേൽ പറഞ്ഞ നിയമാധിഷ്ഠിതമായ നിശ്ചിത എണ്ണം യോഗങ്ങളിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതുമാണ്.

എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിൽ 2016-2017 കാലയളവിൽ ആകെ മൂന്ന തവണ മാത്രമേ ഗ്രാമസഭ യോഗം ചേർന്നിട്ടുള്ളൂ. അതുതന്നെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, പദ്ധതി രൂപീകരണം എന്നിവയുമായി ബന്ധപ്പെട്ടാണ് ചേർന്നിട്ടുള്ളത്. പഞ്ചായത്തിലെ 17 വാർഡുകളിലെയും ഗ്രാമസഭ മിനിട്ട്സ് പരിശോധിച്ചതിൽ 22-08-2016, 26-10-2016, 19-11-2016 എന്നീ തീയതികളിലായാണ് യോഗം ചേർന്നിട്ടുള്ളത്. ഇവ യഥാക്രമം, 2015-16 വർഷത്തെ വരവ്-ചെലവ് കണക്കുകൾ അവതരിപ്പിക്കൽ, ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് ലേബർ ബഡ്ജറ്റ് 2017-18 തയ്യാറാക്കൽ, കരട് വോട്ടർ പട്ടിക അംഗീകരിക്കൽ എന്നിവയുമായി ബന്ധപ്പെട്ട് മാത്രമാണ് ചേർന്നിട്ടുള്ളത്. ഇത് മേൽ സർക്കുലറിന് വിരുദ്ധമാണ്. ഗ്രാമസഭയിൽ ക്വാറം തികയുന്നുണ്ട്. മേൽ സർക്കുലറിലെ നിബന്ധനകൾ പാലിച്ച കൊണ്ട് കൃത്യമായ ഇടവേളകളിൽ ഗ്രാമസഭാ യോഗങ്ങൾ സംഘടിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 100m2 ൽ കൂടുതലുള്ള വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി - ഈടാക്കിയതിൽ കുറവ് വന്നത് -തുക കണക്കാക്കി കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതാണ്

2016-17 വർഷ വസ്തു നികുതി (അസ്സസ്സ്മെന്റ്)രജിസ്റ്റർ പരിശോധിച്ചതിൽ 100m2 കൂടുതലുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കുമ്പോൾ ഒരു കെട്ടിടത്തെ ഒരൊറ്റ യൂണിറ്റായി പരിഗണിക്കാതെ ഓരോ റൂമിനും നമ്പർ നല്കി 100m2 ൽ കുറഞ്ഞ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി കണക്കാക്കിയതിനാൽ ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. കുറവ് വന്ന തുക ഡിമാന്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം നികുതി നിർണ്ണയം നടത്തിയ 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള മുഴുവൻ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെയും വസ്തുനികുതി നിർണ്ണയം പുന:പരിശോധനക്ക് വിധേയമാക്കേണ്ടതും നഷ്ടം ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്

## 2-2 അനധികൃത കെട്ടിട നിർമ്മാണം - നിയമാനുസൃത നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235എഎ, എബി എന്നിവ പ്രകാരം അനധികൃത കെട്ടിട നിർമ്മാണം എന്നാൽ 235 ഡബ്ല്യൂ വകുപ്പ് പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കാൻ അധികാരമില്ലാത്ത ഏതെങ്കിലും നിർമ്മാണമോ അല്ലെങ്കിൽ ഈ ആക്ടിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്കോ അംഗീകൃത പ്ലാനിനോ വിരുദ്ധമായി നിർമ്മിച്ചതോ പുനർ നിർമ്മിച്ചതോ അല്ലെങ്കിൽ സർക്കാർ അനുവദിച്ച ഏതെങ്കിലും ഒഴിവാക്കൽ ഉത്തരവിൽ നിന്നോ അതിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും നിബന്ധനകളിൽ നിന്നോ വ്യതിചലിച്ചുകൊണ്ട് നിർമ്മിച്ചതോ ആയ ഏതെങ്കിലും നിർമ്മാണം എന്നർത്ഥമാകുന്നു. പഞ്ചായത്ത് പരിധിയിൽ ഇപ്രകാരം അനധികൃത കെട്ടിട നിർമ്മാണം നടന്നിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്തി റിപ്പോർട്ട് ചെയ്യുകയും അവ ക്രമവൽക്കരിച്ച് കെട്ടിട നമ്പർ നല്കി നികുതി ഈടാക്കുകയും ഇങ്ങനെ നമ്പർ നല്കിയവയുടെയും അല്ലാത്തവയുടെയും വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിച്ചുപോരേണ്ടതുമാണ്. ഇത്തരത്തിലുള്ള രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ രണ്ട് അനധികൃത കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടതായും ആയത് സർക്കാരിലേക്ക് തുടർ നടപടികൾക്കായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ക്രമവല്ക്കരണമോ പൊളിച്ചുമാറ്റലോ നടക്കുന്നതു വരെ ബാധകമായ നികുതിയും ആയതിന്റെ രണ്ടിരട്ടി പിഴയും ഈടാക്കേണ്ടതാണെന്ന 235AAവകുപ്പിലെ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. കെട്ടിടങ്ങൾക്ക് യു എ നമ്പർ നല്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം | പ്ലിന്ത് ഏരിയ |
|---|---|---|
| പി ദാമോദരപൊതുവാൾ | ഓഡിറ്റോറിയം | 746.18m2 |
| മഹമൂദ് ഹാജി ടി പി | വാണിജ്യാവശ്യത്തിന് | 76.12m2 |

വസ്തുനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

## 2-3 നിർമ്മാണം പൂർത്തിയായ തീയതി മുതൽ നികുതി ഈടാക്കാത്തത്

കെട്ടിട നിർമ്മാണം പൂർത്തിയായ തീയതി അല്ലെങ്കിൽ താമസം തുടങ്ങിയ തീയതി ഏതാണോ ആദ്യം അന്നു മുതൽ വസ്തുനികുതി ഈടാക്കേണ്ടതാണെങ്കിലും താഴെ പറയുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കപ്പെട്ട തീയതി മുതൽ വസ്തുനികുതി ഈടാക്കിയിട്ടില്ല.

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | നിർമ്മാണം പൂർത്തിയായ തീയതി | നികുതി ഈടാക്കാൻ തുടങ്ങിയ തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| VI 386A | ലോക്കൽ കമ്മിറ്റി സെക്രട്ടറി | 26.01.16 | 01.04.16 |
| III70A | കമ്പിൽ പയ്യലോട്ട് അബ്ദുറഹിമാൻ | 14.12.15 | 01.04.16 |
| III89B | പാലത്തര വീട്ടിൽ തങ്കമണി | 20.01.16 | 01.04.16 |

പ്രസ്തുത കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്നും 2015-16 രണ്ടാം അർധവർഷം മുതൽ ബാധകമായ നികുതിയുടെ ആനുപാതിക തുക ഈടാക്കേണ്ടതാണ്

## 2-4 വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കാത്തവരിൽനിന്നും പിഴ ഈടാക്കാത്തത്

പഞ്ചായത്തിലെ 2016-17 വർഷത്തെ പട്ടികളെയും പന്നികളെയും വളർത്തുന്നതിനുള്ള ലൈസൻസ് അനുവദിച്ചതു സംബന്ധിച്ച റജിസ്ററർ പരിശോധിച്ചതിൽ 2016-17വർഷത്തിൽപഞ്ചായത്ത് പരിധിയിലുള്ള 33 പട്ടികൾക്ക് മാത്രമാണ് ലൈസൻസ്അനുവദിച്ചതായി കാണുന്നത് . എന്നാൽ പഞ്ചായത്തിൽ വെറ്ററിനറി സർജൻ നടപ്പിലാക്കിയ പേവിഷ നിയന്ത്രണ പദ്ധതിയുടെ (പ്രോ.നം43/17) ഭാഗമായി 08-11-16,09-11-16 എന്നീ തീയ്യതികളിലായി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നടത്തിയ ക്യാമ്പിൽ 215വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നടത്തിയിട്ടുണ്ട്.

1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ) ചട്ടം 4(1) പ്രകാരം പട്ടികളേയോ പന്നികളേയോ വളർത്തുന്നതിന് അനുമതിക്കായി 10/- രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ നല്കേണ്ടതാണ്. ചട്ടം 4(2) പ്രകാരം പട്ടിയോ പന്നിയോ കൈയ്യിൽ വന്നു ചേർന്ന് ഒരു മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം പേവിഷ ബാധയ്ക്കെതിരായ കുത്തിവെപ്പ് എടുത്തിട്ടുണ്ടെന്ന വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം (ചട്ടം4(3)). ലൈസൻസ് എടുത്തതിന് തെളിവായി ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന ടോക്കൺ മൃഗത്തിന്റെ ശരീരത്തിൽ ഉണ്ടായിരിക്കേണ്ടതും ആയതിനെ അലഞ്ഞു തിരിയാൻ അനുവദിക്കാൻ പാടില്ലാത്തതുമാണ്.

ലൈസൻസ് കാലാവധി അതത് സാമ്പത്തിക വർഷാവസാനം അവസാനിക്കുന്നതും കാലാവധി അവസാനിക്കുന്നതിനു മുമ്പ് പുതുക്കേണ്ടതുമാണ്.

ലൈസൻസില്ലാതെയും ലൈസൻസ് വ്യവസ്ഥകൾക്ക് വിരുദ്ധമായും നായകളെ വളർത്തുന്നതിനുള്ള പിഴയായി മേൽ പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം 250/- രൂപ വരെ പിഴ ശിക്ഷ ചുമത്താവുന്നതാണ്. ഈടാക്കേണ്ടുന്ന പിഴ സംബന്ധിച്ച് ഭരണ സമിതി തീരുമാനം കൈക്കൊള്ളേണ്ടതും ലൈസൻസില്ലാതെ നായകളെ വളർത്തിയവരിൽ നിന്നും ആയത് ഈടാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ വെറ്ററിനറി സർജന്റെ കൂടി സഹായം തേടേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പദ്ധതികൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി മുൻകൂറായി തുക നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരേയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നമ്പർ | അടങ്കൽ | തുക സ്വീകരിച്ച സ്ഥാപനം | തുക |
|---|---|---|---|---|---|
| എസ് എസ് എ വിഹിതം | ഹെഡ് മാസ്റ്റർ | 30/17 | 1509441 | എസ് എസ് എ, കണ്ണൂർ | 1509441 |
| എ ബി സി പ്രോഗ്രാം | വെറ്റിനറി സർജൻ | 91/17 | 100000 | ജില്ലാപഞ്ചായത്ത് | 100000 |
| ഐഎവൈ വിഹിതം നല്കൽ | അസിസ്റ്റന്റ് സെക്രട്ടറി | 60/17 | 140000 | ബ്ലോക്ക് പഞ്ചായത്ത് | 90000 (50000 രൂപ വിനിയോഗിച്ചിട്ടുണ്ട്) |
| | | | | ആകെ | 1699441രൂപ |

ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-2 സമഗ്ര-വിദ്യാലയ-അങ്കണവാടി-ആര്യോഗ്യപരിപാടി-ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടാത്ത സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയത്

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ,പിഎച്ച് സി

പ്രൊജക്റ്റിന്റെ പേര് :സമഗ്ര-വിദ്യാലയ-അങ്കണവാടി-ആര്യോഗ്യപരിപാടി

അടങ്കൽ : 50000/-രൂ. (വികസന ഫണ്ട്)

ബിൽ നമ്പ്ര/തുക,തീയ്യതി : 9/16-17,17348/-,23-3-17

ബിൽ നമ്പ്ര/തുക,തീയ്യതി :12/16-17,23000/-,29-3-17

ആകെ 40348രൂപ

മേൽ പദ്ധതി നടപ്പാക്കിയത് താഴെ പറയും പ്രകാരമാണ്.

1) ഗ്രാമപഞ്ചായത്തിലെ 13 സ്കൂളുകളിൽ ഹെൽത്ത് കാർഡ് വിതരണവും,ആര്യോഗ്യ പരിശോധനയും,പ്രഥമ ശുശ്രൂഷ കിറ്റ് വിതരണവും

2) 34 അങ്കണവാടികളിൽ ആര്യോഗ്യ പരിശോധന

3) ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്,മാതമംഗലം എന്ന സ്ഥാപനത്തിന് പ്രഥമ ശുശ്രൂഷ കിറ്റ് വിതരണം

രണ്ട് ഹൈസ്കൂളുകളേയും ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്,മാതമംഗലത്തേയും പദ്ധതിയിൽ ഉൾപ്പെടുത്തിയത് ശരിയല്ല. ഹൈസ്കൂളുകളുടേയും ടി ടി ഐയുടേയും നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്

കൈമാറിക്കിട്ടിയിട്ടില്ല. കൈമാറിക്കിട്ടിയിട്ടില്ലാത്ത സ്ഥാപനങ്ങളെ പദ്ധതികളിൽ ഉൾപ്പെടുത്തുന്നത് ഒഴിവാക്കേണ്ടതാണ്. പദ്ധതി അംഗീകാരം നൽകുമ്പോൾ തന്നെ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 3-3 വനിതകൾക്ക് പശുവാങ്ങൽ-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ- 1500രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല,328500രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

പ്രൊജക്ട് നം : S0099/17

പ്രൊജക്ടിന്റെ പേര് : വനിതകൾക്ക് പശുവാങ്ങൽ

അടങ്കൽ : 3,30,000/-

ബിൽ നം &തീയതി : 3/16-17/31-03-2017 , 1,20,000/-

5/16-17/13-03-2017, 1,20,000/-

7/16-17/20-03-2017, 90,000/-

ആകെ : 3,30,000/-

========

പഞ്ചായത്തിൽ പാലുൽപാദനം വർദ്ധിപ്പിക്കൽ, വനിതാ സ്വയം തൊഴിൽ ശാക്തീകരണം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം 22 വനിതകൾക്ക് പരമാവധി 15,000/- രൂപ, അല്ലെങ്കിൽ പശുവിന്റെ വിലയുടെ 50% നൽകുന്നതിനായി 3,30,000/- രൂപ പിൻവലിച്ച്, പശുവിനെ വില്പന നടത്തിയവരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും, സബ്സിഡിയും, അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(എം.എസ്) നം.4/2016, ത.സ്വ.ഭ.വ, തിരുവനന്തപുരം, തീയതി 11-01-2016) പ്രകാരം, വാർഷിക വരുമാനം 50,000/- രൂപ കവിയാത്തവർക്കും, ചെറുകിട കർഷകർക്കുമാണ് പശുവിനെ നൽകേണ്ടത്. പശുവിനെ വാങ്ങുന്നവർ അതിനെ മൂന്നു വർഷമെങ്കിലും വളർത്തുമെന്ന് കരാർ വയ്ക്കേണ്ടതാണ്. പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളുടെ 7പേരടങ്ങുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. പശുവിന്റെ വിലയും, സ്പെസിഫിക്കേഷനും ജില്ലാതലത്തിൽ ജില്ലാ മൃഗസംരക്ഷണവകുപ്പ് നിശ്ചയിക്കണം. വില കണക്കാക്കുമ്പോൾ ഇൻഷ്വറൻസ്, കടത്തുകൂലി എന്നിവ ഗുണഭോക്താക്കൾ വഹിക്കണം. ഇതേ പഞ്ചവത്സര പദ്ധതി കാലയളവിൽ മുമ്പ് പശുവിനെ ലഭിച്ചവർ അർഹരായിരിക്കുന്നതല്ല.

വെറ്ററിനറി സർജൻ നിർവഹണം നടത്തിയ മേൽ പ്രൊജക്ടിൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) ഗുണഭോക്താക്കളിൽ നിന്നും കരാർ ചമയ്ക്കാനുള്ള മുദ്രപത്രം വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും അതിൽ

കരാർ വ്യവസ്ഥകൾ എഴുതിച്ചേർത്തിട്ടില്ല.

2) പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3) ഗുണഭോക്താക്കൾ പശുക്കളെ ഇൻഷ്വർ ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

4) പശുവിനെ നൽകിയവർക്ക് ഇതേ പഞ്ചവത്സര പദ്ധതി കാലയളവിൽ മുമ്പ് പശുവിനെ ലഭിച്ചിട്ടില്ല എന്ന് സത്യവാങ്മൂലം ഹാജരാക്കിയിട്ടില്ല.

5) പദ്ധതി പ്രകാരം ഗുണഭോക്താവായ ശ്രീമതി. നാരായണി.വി.എം.വി എന്നവർക്ക് ശ്രീ. പലേരി ജനാർദ്ദനൻ ചീമേനി എന്നവർ 28,000/-രൂപയ്ക്കാണ് പശുവിനെ നൽകിയതെന്ന് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഇത പ്രകാരം പശുവിന്റെ വിലയുടെ 50%ആയ 14,000/-രൂപയാണ് നൽകേണ്ടിയിരുന്നത്. എന്നാൽ ശ്രീ. പലേരി ജനാർദ്ദനൻ ചീമേനി എന്നവരുടെ അക്കൗണ്ടിലേക്ക് 15,000/-രൂപ നൽകിയിട്ടുണ്ട്.

6)ഗുണഭോക്താവായ ശ്രീമതി. ഭാർഗ്ഗവി.കെ എന്നവർ ശ്രീ. ചിണ്ടൻ.പി.വി. എന്നവരിൽ നിന്നും 29,000/-രൂപയ്ക്കാണ് പശുവിനെ വാങ്ങിയതെന്ന് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഇത പ്രകാരം പശുവിന്റെ വിലയുടെ 50%ആയ 14,500/-രൂപയാണ് നൽകേണ്ടിയിരുന്നത്. എന്നാൽ ശ്രീ. ചിണ്ടൻ.പി.വി എന്നവരുടെ അക്കൗണ്ടിലേക്കും 15,000/-രൂപ നൽകിയിട്ടുണ്ട്.

7) ശ്രീമതി. വൽസല.കെ എന്ന ഗുണഭോക്താവ് ശ്രീ.ഇ.കെ രാമചന്ദ്രനിൽ നിന്നും പശുവിനെ വാങ്ങിയിട്ടുണ്ട് എന്ന് സാക്ഷ്യപത്രം നൽകിയിട്ടുണ്ടെങ്കിലും, എത്ര രൂപയ്ക്കാണ് വാങ്ങിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല.

മേൽ പരാമർശങ്ങൾക്കുള്ള വിശദീകരണവും, അപാകങ്ങൾ ഒഴിവാക്കാനാവശ്യമായ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ ക്രമനമ്പർ 5,6എന്നിവർക്ക് അധികം നല്കിയ 1500രൂപയുടെ ചെലവ് നിരാകരിക്കുന്നു. ബാക്കി 328500രൂപയുടെ ചെലവ് മേൽ കാരണങ്ങളാൽ തടസപ്പെടുത്തുന്നു. അധികം നൽകിയ സബ്സിഡി തുക തിരിച്ചുപിടിക്കേണ്ടതാണ്.

## 3-4 പേവിഷബാധ നിയന്ത്രണം - അപാകങ്ങൾ

1) പ്രൊജക്ട് നം : S0043/17

പ്രൊജക്ടിന്റെ പേര് : പേ വിഷബാധ നിയന്ത്രണം

അടങ്കൽ : 18,000/- (വികസനഫണ്ട്)

ബിൽ നം. & തീയതി : 1/16-17/21-01-2017, തുക 18,000/-

പേവിഷബാധ വിമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യം നേടുന്നതിനു വേണ്ടി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം 18,000/- രൂപ പിൻവലിച്ച് ചെലവഴിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) മേൽ ആവശ്യത്തിനായി വന്ദന മെഡിക്കൽസ്, തേർത്തല്ലിയിൽ നിന്നും 5809രൂപയ്ക്ക് മരുന്നു വാങ്ങിയിട്ടുണ്ട്. പ്രസ്തുത മരുന്നുകൾ വാങ്ങുന്നതിനുമുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കേണ്ടിയിരുന്ന നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) രണ്ടു തീയതികളിലുമായി ജീപ്പ് ഓടിയ വകയിൽ ഡ്രൈവറായ എ. ഗോപാലൻ എന്നവർക്ക് 5000/- രൂപ നൽകിയിട്ടുണ്ട്. ഡി. ഡി. യുടെ കോപ്പി , ജീപ്പ് ഓടിയതിന്റെ ട്രിപ്പ് ഷീറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

3) പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്നതിന് മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

4)മൃഗസംരക്ഷണ വകുപ്പ് വഴി പ്രസ്തുത പദ്ധതിക്കു(റാബീസ് ഫ്രീ കേരള വാക്സിനേഷൻ ക്യാമ്പ്) വേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടില്ല

മേൽക്കാരണങ്ങളാൽ 18000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

## 3-5 വയോജനങ്ങൾക്ക് യോഗപരിശീലനം -മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ നടപ്പാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ആയുർവേദം

പ്രൊജക്റ്റ് നം : S0145/17

പ്രൊജക്റ്റിന്റെ പേര് : വയോജനങ്ങൾക്ക് യോഗപരിശീലനം

അടങ്കൽ : 2,20,000/-

ബിൽ നം &തീയതി : 2/16-17/26-11-2016, 30,000/-

3/16-17/16-01-2017, 2,500/-

7/16-17/20-03-2017, 1,87,500/-

ആകെ : 2,20,000

പഞ്ചായത്തിലെ വയോജനങ്ങളുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി തയ്യാറാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം മെഡിക്കൽ ഓഫീസർ 2,20,000/- രൂപ പിൻവലിച്ച് ചെലവ് ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മേൽ തുകയിൽ 30,000/-രൂപ യോഗ പരിശീലനത്തിനുള്ള യോഗ മാറ്റ് വാങ്ങുന്നതിനും, 2,500/- രൂപ ബി.പി. അപ്പാരറ്റസ്, സ്റ്റെതസ്കോപ്പ് എന്നിവ വാങ്ങുന്നതിനും, 7,500/- രൂപ മറ്റനുബന്ധ സാധനങ്ങൾ വാങ്ങുന്നതിനും, 1,80,000/- രൂപ പരിശീലകർക്ക് ദിനബത്ത നൽകുവാനുമാണ് വിനിയോഗിച്ചിട്ടുള്ളത്. പരിശീലകർക്ക് 1000രൂപ നിരക്കിലാണ് ദിനബത്ത അനുവദിച്ചിട്ടുള്ളത്. പ്രോജക്റ്റ് നിർദ്ദേശ പ്രകാരം ഒരു ക്ലാസിൽ ചുരുങ്ങിയത് 25 പേർ ഉണ്ടായിരിക്കണമെങ്കിലും പത്തിൽ താഴെ ആളുകൾ ഉള്ളപ്പോഴും ക്ലാസുകൾ നടത്തി ഇതേ നിരക്കിൽ വേതനം നല്കിയിട്ടുണ്ട്.

